കള്ള് ഷാപ്പുകൾക്ക് ലൈസൻസ് പുതുക്കിനൽകാൻ ഉത്തരവ്

തിരുവനന്തപുരം: സംസ്ഥാനത്തെ കള്ളുഷാപ്പുകൾ വില്പന നടത്തുന്നതിന് പകരം നിലവിലെ ലൈസൻസികൾക്ക് പുതുക്കി നൽകാൻ എക്സൈസ് കമ്മിഷണർ ഉത്തരവായി. എല്ലാ ജില്ലാ എക്സൈസ് ഡെപ്യൂട്ടി കമ്മിഷണർമാർക്കും ഇതു സംബന്ധിച്ച് നിർദ്ദേശം നൽകി.

നിലവിലെ നിരക്കിൽ തന്നെ ഒരു വർഷത്തേക്കുള്ള റെന്റൽതുക ഈടാക്കി ഏപ്രിൽ ഒന്നുമുതൽ തുറക്കുംവിധം ഷാപ്പുകൾ നൽകാൻ ഉത്തരവിൽ പറയുന്നു. പുതുക്കലിനുള്ള നടപടി ക്രമങ്ങൾ മാർച്ച് 20 നകം പൂർത്തിയാക്കണം. 2018-19 ലെ മദ്യനയം ഈ വർഷവും തുടരാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

യൂസഫലി കേച്ചേരി സാഹിതി അവാർഡ് ബി. മുരളിക്ക്

തൃശ്ശൂർ: സംസ്കാര സാഹിതി ജില്ലാ കമ്മിറ്റി ഏർപ്പെടുത്തിയ യൂസഫലി കേച്ചേരി സാഹിതി അവാർഡിന് കഥാകൃത്ത് ബി. മുരളി അർഹനായി. 2018 ൽ പ്രസിദ്ധീകരിച്ച 'ബൈസിക്കിൾ റിയലിസം' എന്ന കഥാസമാഹാരത്തിനാണ് പതിനായിരം രൂപയും ശില്പവും പ്രശസ്തിപത്രവും അടങ്ങുന്ന പുരസ്കാരം. കേന്ദ്രസാഹിത്യ അക്കാഡമി അംഗം ഡോ.എൻ. അജിത്കുമാർ, ഡോ.പി.വി. കൃഷ്ണൻനായർ, ഡോ. അജിതൻ മേനോത്ത് എന്നിവരടങ്ങിയ സമിതിയാണ് പുസ്തകം തിരഞ്ഞെടുത്തത്. യൂസഫലി കേച്ചേരിയുടെ ചരമദിനമായ മാർച്ച് 21 ന് സാഹിത്യ അക്കാഡമി ഹാളിൽ നടക്കുന്ന അനുസ്മരണ സമ്മേളനത്തിൽ അവാർഡ് സമ്മാനിക്കും.

സഹകരണ സർവീസ് പരീക്ഷ

തിരുവനന്തപുരം: സഹകരണ സർവീസ് പരീക്ഷാ ബോർഡിൽ സെക്രട്ടറി, ജൂനിയർ ക്ലാർക്ക് എന്നീ തസ്തികകളിലേക്ക് ഫെബ്രുവരി 3ന് നടത്തിയ എഴുത്തുപരീക്ഷയുടെ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചു. ചുരുക്കപ്പട്ടിക സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്ക് പരാതി ഉണ്ടെങ്കിൽ മാർച്ച് 21 നകം പരീക്ഷാ ബോർഡിനെ രേഖാമൂലം അറിയക്കണമെന്ന് പരീക്ഷാ കൺട്രോളർ അറിയിച്ചു.

സിനിമാ അവാർഡിന് അർഹതയുണ്ടെന്ന ഹർജിയിൽ നോട്ടീസ്

കൊച്ചി: 2018ലെ സംസ്ഥാന സിനിമാ അവാർഡുകളിൽ മികച്ച നൃത്ത സംവിധായകനായി തന്നെയും പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട് ബിജു ധ്വനിതരംഗ് എന്ന ബിജു എ. സേവ്യർ നൽകിയ ഹർജിയിൽ ഹൈക്കോടതി വിശദീകരണം തേടി.

അരവിന്ദന്റെ അതിഥികൾ എന്ന സിനിമയിലെ നൃത്ത സംവിധാനത്തിന് പ്രസന്ന സുജിത്തിനാണ് അവാർഡ് ലഭിച്ചത്. ചിത്രത്തിൽ താനും കൊറിയോഗ്രാഫറായിരുന്നെന്ന് ഹർജിക്കാരൻ പറയുന്നു. പ്രസന്ന സംവിധാനം ചെയ്ത നൃത്തരംഗം സിനിമയിലില്ല. യൂട്യൂബിലാണ് വന്നത്. താൻ സംവിധാനം ചെയ്ത രംഗങ്ങളാണ് ചിത്രത്തിലുള്ളത്. അവാർഡിന് എൻട്രികൾ നൽകിയപ്പോൾ പ്രസന്നയെ മാത്രമാണ് നിർമ്മാണ കമ്പനി നിർദ്ദേശിച്ചത്. തെറ്റ് ബോദ്ധ്യപ്പെട്ട കമ്പനി താനും കോറിയോഗ്രാഫി ചെയ്തതായി ചലച്ചിത്ര അക്കാഡമിയെ രേഖാമൂലം അറിയിച്ചെങ്കിലും അനുകൂല മറുപടി ലഭിച്ചില്ല. മികച്ച നൃത്ത സംവിധാനത്തിനുള്ള അവാർഡ് പ്രഖ്യാപനം പുനഃപരിശോധിച്ച് പ്രസന്നക്കൊപ്പം തന്നെയും പരിഗണിക്കണം.

ചലച്ചിത്ര അക്കാഡമിയും പ്രസന്നയും ഉൾപ്പെടെ എതിർകക്ഷികൾക്ക് നോട്ടീസ് അയയ്ക്കാൻ കോടതി ഉത്തരവിട്ടു.

കെ-മാറ്റ് പരീക്ഷയ്ക്ക് അപേക്ഷിക്കാം

തിരുവനന്തപുരം: കേരളത്തിൽ എം.ബി.എ പ്രവേശനത്തിന് യോഗ്യത നേടാനുള്ള കെ-മാറ്റ് പ്രവേശന പരീക്ഷയ്ക്ക് https://kmatkerala.in ലൂടെ അപേക്ഷിക്കാം. മേയ് വൈകിട്ട് 4വരെ അപേക്ഷ സ്വീകരിക്കും. അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കും പരീക്ഷാഫലം പ്രതീക്ഷിക്കുന്നവർക്കും അപേക്ഷിക്കാം. കുസാറ്റ് പ്രവേശന മേൽനോട്ടത്തിനുള്ള ജസ്റ്റിസ് രാജേന്ദ്രബാബു സമിതിയും ചേർന്നാണ് പരീക്ഷ നടത്തുന്നത്.

ഫോൺ - 0471 -2335133, 8547255133

ഗുരുദർശനങ്ങളുടെ ആധികാരിക രേഖ

സർവകലാശാലയുടെ ശ്രമം കാലഘട്ടത്തിന്റെ ആവശ്യം: വെള്ളാപ്പള്ളി

ചേർത്തല: കേരളത്തെ ഇരുണ്ട യുഗത്തിലേക്ക് തിരിച്ചുകൊണ്ടുപോകാൻ ശ്രമം നടക്കുന്നതിനിടെ കേരള സർവകലാശാല ഗുരുദർശനങ്ങൾ പഠിച്ച് ആധികാരിക രേഖ പുറത്തിറക്കാൻ ശ്രമിക്കുന്നത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് എസ്.എൻ.ഡി.പിയോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ പറഞ്ഞു. കേരള സർവകലാശാല അന്താരാഷ്ട്ര ശ്രീനാരായണ പഠന ഗവേഷണ കേന്ദ്രം ശ്രീനാരായണ ഗുരുവും കളവംകോടം കണ്ണാടി പ്രതിഷ്ഠയും എന്ന വിഷയത്തിൽ നടത്തുന്ന ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച പ്രഭാഷണങ്ങളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്ന അദ്ദേഹം.

ചാതുർവർണ്യം തിരിച്ചുകൊണ്ടുവരാനാണ് ചിലരുടെ ശ്രമം. ഗുരുവചനങ്ങൾ ചിലർ സ്വന്തം നിലയ്ക്ക് വ്യാഖ്യാനിക്കുകയാണെന്നും വെള്ളാപ്പള്ളി പറഞ്ഞു.

കേരള സർവകലാശാല വൈസ് ചാൻസലർ ഡോ.വി.ടി. മഹാദേവൻ പിള്ള സമ്മേളനം ഉദ്ഘാടനം ചെയ്തു. വയലാർ പഞ്ചായത്ത് പ്രസിഡന്റ് എസ്.വി. ബാബു അദ്ധ്യക്ഷത വഹിച്ചു. പഠന കേന്ദ്രം ഡയറക്ടർ ഡോ.ജി.പത്മറാവു, സർവകലാശാല സിൻഡിക്കേറ്റ് അംഗങ്ങളായ കെ.എച്ച്.ബാബുജാൻ, ഡോ.കെ.ബി. മനോജ്, ജനറൽ കൺവീനർ അഡ്വ.സി.കെ.ഷാജിമോഹൻ, കെ.വി.ദേവദാസ്, ഡോ.എം.എ.സിദ്ദിഖ്, ഡോ.പി.പി. അജയകുമാർ തുടങ്ങിയവർ സംസാരിച്ചു.

വിമർശിച്ച കോൺഗ്രസ് നേതാക്കൾ കുഴിയാനകളായി

തന്നെ വിമർശിച്ച കോൺഗ്രസ് നേതാക്കൾ കുഴിയാനകളായി മാറിയെന്ന് മാദ്ധ്യമ പ്രവർത്തകരോട് വെള്ളാപ്പള്ളി നടേശൻ പറഞ്ഞു. 'എന്നെ ചീത്ത പറഞ്ഞാൽ മറ്റെല്ലാ സമുദായങ്ങളുടെയും വോട്ട് ലഭിക്കുമെന്ന രാഷ്ട്രീയ അടവുനയമാണ് ചിലർ കാലങ്ങളായി കൈകാര്യം ചെയ്യുന്നത്. ഇത് പഴഞ്ചൻ നയമാണ്. ജനങ്ങൾക്ക് കാര്യങ്ങൾ നന്നായി അറിയാം. ചീത്തവിളിക്കാനായി രാത്രി എട്ടരയ്ക്കുള്ള ചാനൽ ചർച്ചയിൽ സ്ഥിരമായി ചിലർ കച്ചകെട്ടി ഇറങ്ങിയിട്ടുണ്ട്. സാമൂഹിക യാഥാർത്ഥ്യങ്ങൾ പച്ചയ്ക്ക് പറയുമ്പോൾ ആരും കോപിച്ചിട്ട് കാര്യമില്ല. കഴിഞ്ഞ 22 വർഷമായി എന്നെ പിന്തുടർന്ന് വേട്ടയാടൽ നടത്തുന്ന ഇവർക്ക് ഉള്ളതു പോയതല്ലാതെ എനിക്കൊന്നും നഷ്ടപ്പെട്ടിട്ടില്ല. രാഷ്ട്രീയത്തിൽ എല്ലാം നഷ്ടപ്പെട്ട് വഴിയാധാരമായ ചരിത്രമാണ് ആലപ്പുഴയിലെ കോൺഗ്രസ് നേതാക്കൾക്കുള്ളത്. ഇത് കണ്ടിട്ടും കൊണ്ടിട്ടും പഠിക്കാത്ത ജില്ലയിലെ രാഷ്ട്രീയ നേതൃത്വത്തെ സംസ്ഥാന നേതൃത്വം കയറൂരി വിട്ടിരിക്കുകയാണ്. എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറിയായി ഞാൻ ഇപ്പോഴും തുടരുന്നു. വീട്ടിൽ കിടന്ന് ഉറങ്ങിയാലും വിവാദം പിന്തുടരുകയാണ്' - വെള്ളാപ്പള്ളി പറഞ്ഞു.

കുമ്മനം രാജശേഖരൻ ശബരിമലയിൽ ദർശനം നടത്തുന്നു

ശബരിമല ജനങ്ങളുടെ വികാരം: കുമ്മനം

പന്തളം: ശബരിമലയുടെ പവിത്രത നിലനിറുത്തുകയെന്നത് ജനങ്ങളുടെ വികാരമാണെന്ന് കുമ്മനം രാജശേഖരൻ പറഞ്ഞു. ശബരിമല ദർശനത്തിനു മുമ്പ് പന്തളം വലിയ കോയിക്കൽ ക്ഷേത്ര ദർശനത്തിനെത്തിയതായിരുന്നു അദ്ദേഹം. ശബരിമലയെപ്പറ്റി തിരഞ്ഞെടുപ്പിൽ മിണ്ടരുതെന്ന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ ഉത്തരവിനെതിരെ വലിയ ജനവികാരമാണ് ഉയർന്നത്. ഇതിനുള്ള തെളിവാണ് മുൻ ഉത്തരവിൽ നിന്നുള്ള ചുവടുമാറ്റം. ശബരിമല പുണ്യ സങ്കേതമാണ്. അതു നശിപ്പിക്കാൻ ശ്രമിച്ചതിനെതിരെ ഉയർന്നത് ജനങ്ങളുടെ ദുഃഖവും അമർഷവുമാണ്. ഈ അവസ്ഥയിൽ അവർക്കു നഷ്ടപ്പെട്ട ആത്മവിശ്വാസം തിരിച്ചുകൊണ്ടുവരാനാണ് താൻ ശബരിമലയിൽ പോകുന്നതെന്നും അദ്ദേഹം പറഞ്ഞു.

ഡെപ്യൂട്ടേഷൻ നിറുത്തി നഷ്ടം കുറയ്ക്കാൻ സപ്ലൈകോ

■ഡെപ്യൂട്ടേഷനു പകരം പ്രൊമോഷൻ കുരുക്കാവുമെന്ന് ഉദ്യോഗസ്ഥർ

◗കോവളം സതീഷ്കുമാർ

തിരുവനന്തപുരം: നഷ്ടക്കെണിയിൽപ്പെട്ട് നട്ടംതിരിയുന്ന സപ്ലൈകോയെ കരകയറ്റാനുള്ള ശ്രമത്തിന്റെ ഭാഗമായി ഡെപ്യൂട്ടേഷൻ നിയമനം പടിപടിയായി നിറുത്താനുള്ള നടപടി തുടങ്ങി. ഈ വർഷം തന്നെ അത് പ്രാവർത്തികമാക്കുന്നതിനായി ഡെപ്യൂട്ടേഷൻകാരുടെ ലിസ്റ്റ് തയ്യാറാക്കിവരികയാണ്. ഭക്ഷ്യവകുപ്പിൽ നിന്ന് ഡെപ്യൂട്ടേഷനിൽ സപ്ലൈകോയിൽ എത്തുന്ന ജീവനക്കാർ സാമ്പത്തികബാദ്ധ്യത ഉണ്ടാക്കുന്നുവെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് നടപടി. ഉയർന്ന ശമ്പളസ്കെയിലിലുള്ളവരാണ് പലപ്പോഴും ഇവിടെ എത്തുന്നത്. അതിനാൽ ശമ്പളയിനത്തിൽത്തന്നെ വൻതുകയാണ് നൽകേണ്ടിവരുന്നത്. അതിനുതക്ക ജോലി ഇവിടെ ഉണ്ടാകാറുമില്ല. വേതനം, യാത്രാബത്ത ഇനങ്ങളിൽ ഡെപ്യൂട്ടേഷൻരീതി അധികച്ചെലവുണ്ടാക്കുന്നുവെന്ന് ഇതു സംബന്ധിച്ച ഉത്തരവിൽ സൂചിപ്പിച്ചിട്ടുമുണ്ട്.

ആദ്യപടിയായി, നിലവിലെ ഡെപ്യൂട്ടേഷൻ തസ്തികകളിൽ ഓരോ വർഷവും 10 ശതമാനം കുറവു വരുത്താൻ സർക്കാർ ഉത്തരവിറക്കിയിരുന്നു. ഈ ഒഴിവുകളിൽ സെയിൽസ്മാൻ തസ്തികയിൽ നിന്ന് പ്രൊമോഷനിലൂടെ നിയമനം നടത്താനും സെയിൽസ്മാൻ ഒഴിവുകളിൽ പി.എസ്.സി നിയമനം നടത്താനുമാണ് തീരുമാനം.

സപ്ലൈകോയിലെ ഇപ്പോഴത്തെ നിയമനങ്ങളും ജോലിഭാരവും സംബന്ധിച്ച് പഠനം നടത്തി ആറു മാസത്തിനുശേഷം കൂടുതൽ ഡെപ്യൂട്ടേഷൻകാരെ ഒഴിവാക്കും. സിവിൽ സപ്ലൈസ് വകുപ്പിൽ നിന്ന് സപ്ലൈകോയിലേക്കുള്ള ഡെപ്യൂട്ടേഷൻ ഘട്ടംഘട്ടമായി അവസാനിപ്പിക്കണമെന്ന് സിവിൽ സപ്ലൈസ് ഡയറക്ടറും വകുപ്പ് സെക്രട്ടറിക്ക് റിപ്പോർട്ട് നൽകിയിരുന്നു.

കഴിഞ്ഞ സാമ്പത്തിക വർഷം-
സപ്ലൈകോ നഷ്ടം: 135 കോടി
ഡെപ്യൂട്ടേഷൻകാരുടെ ശമ്പളം: 58.70 കോടി
പെൻഷൻ വിഹിതമായി അടച്ചത്: 10.40 കോടി
തൊഴിൽദാതാവിന്റെ വിഹിതം: 51.21 ലക്ഷം

KAUMUDI SPECIAL

■ഡെപ്യൂട്ടേഷനിലുള്ളത് 1275 പേർ

സപ്ലൈകോ രൂപീകരിച്ച കാലം മുതലുള്ളതാണ് സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നുള്ള ഡപ്യൂട്ടേഷൻ. ഇപ്പോൾ 1275 പേരാണ് ഇത്തരത്തിലുള്ളത്. രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ച് സ്ഥലംമാറ്റത്തിനായി ഡെപ്യൂട്ടേഷനിൽ എത്തുന്നവരും ഉണ്ട്. ഡെപ്യൂട്ടേഷൻ കാലാവധി തീരുമ്പോൾ മൂന്നൂറോളം പേർ മാതൃവകുപ്പിലേക്ക് മടങ്ങുകയും, പകരം അത്രയും പേർ എത്തുകയും ചെയ്യും.

ഭക്ഷ്യവകുപ്പിൽ പുതുതായി സർവീസിൽ പ്രവേശിക്കുന്ന ജീവനക്കാർ റേഷൻ കാർഡ്, പൊതുവിതരണം എന്നിവ സംബന്ധിച്ച് ഏകദേശ ധാരണ ഉണ്ടാകുന്നതിനുമുമ്പ് ഡെപ്യൂട്ടേഷനിൽ പോകും. തിരിച്ചെത്തുമ്പോഴും ഇക്കാര്യങ്ങളിൽ അജ്ഞരായിരിക്കും. ഇത് ഭക്ഷ്യവകുപ്പിന്റെ പ്രവർത്തനത്തെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്.

■വിയോജിപ്പുമായി ഉദ്യോഗസ്ഥർ

ഡെപ്യൂട്ടേഷൻ നിറുത്തലാക്കിയതുകൊണ്ടുമാത്രം കാര്യമില്ലെന്നും അവരുടെ കാര്യക്ഷമത സപ്ലൈകോയ്ക്ക് ഗുണം ചെയ്തിട്ടേ ഉള്ളൂവെന്നുമാണ് സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ പറയുന്നത്. സ്ഥാനക്കയറ്റത്തിന്റെ ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന രീതി ബാദ്ധ്യതയാകുമെന്നും അവർ പറയുന്നു. അസി. സെയിൽസ്മാനായി പ്രവേശിക്കാൻ പത്താം ക്ലാസ് വിജയിക്കണമെന്നില്ല. ഇങ്ങനെ പ്രവേശിക്കുന്നവർക്ക് സെയിൽസ്മാനായും പിന്നെ ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ് എന്നിങ്ങനെ പ്രൊമോഷൻ നൽകാമെന്നാണ് വകുപ്പ് സെക്രട്ടറിയുടെ ഉത്തരവ് നൽകുന്ന സൂചന. അതിനാൽ ഇക്കാര്യം പുനരാലോചിക്കണമെന്നും അവർ പറയുന്നു.

വികസനം കൂടുമ്പോൾ പരിസ്ഥിതിയെ മറക്കരുത്: ഗവർണർ

തിരുവനന്തപുരം: വികസനത്തിനായി കൂടുതൽ അന്താരാഷ്ട്ര സ്ഥാപനങ്ങളെയും നിക്ഷേപകരെയും സംസ്ഥാനത്തേക്ക് ആകർഷിക്കുമ്പോൾ പരിസ്ഥിതി മേഖലയിൽ പ്രത്യാഘാതങ്ങളുണ്ടാക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് ഗവർണർ പി. സദാശിവം പറഞ്ഞു. ചേംബർ ഒഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയുടെ 2019ലെ ചേംബർ എക്സലൻസ് അവാർഡുകൾ വിതരണം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

നിക്ഷേപകർ കൂടുതലെത്തുമ്പോൾ വികസനങ്ങളുണ്ടാകും. അവർക്ക് സഹായം നൽകേണ്ടത് സംസ്ഥാനത്തിന്റെ കടമയാണ്. അതുമായി ബന്ധപ്പെട്ട് ഒരു മുൻന്യായാധിപൻ എന്ന നിലയിൽ ജനങ്ങളോട് ഒരപേക്ഷയുണ്ട്. ഇവിടെ മുതൽമുടക്കുന്നവർ നിർമ്മാണം തുടങ്ങുമ്പോൾ നിയമകുരുക്കുകളിൽ പെടുത്തി ബുദ്ധിമുട്ടിക്കുന്ന ശീലം ഒഴിവാക്കണം. സ്ഥാപിത താത്പര്യങ്ങൾ മുൻനിറുത്തി പൊതുതാൽപര്യ ഹർജികൾ നൽകുന്ന പ്രവണത ഇപ്പോൾ കൂടി വരികയാണ്. ഇവിടെ നിക്ഷേപം നടത്തുന്നവർ കേരളത്തിലുള്ളവർക്ക് തൊഴിൽ നൽകുന്നതിൽ ശ്രദ്ധിക്കണം. അതിന് അവർക്ക് സഹായകരമാകുന്ന തരത്തിൽ വിദ്യാഭ്യാസ പരിശീലന സ്ഥാപനങ്ങളും ഉണ്ടാക്കുന്നതിൽ ചേംബർ പോലുള്ള വ്യവസായ വാണിജ്യ സമൂഹവും സർക്കാരും മനസ് വയ്ക്കണം. സ്മാർട്ട് സിറ്റി പദ്ധതികൾ നഗരത്തിന് പുതിയ കുതിപ്പ് നൽകും. ഗവർണർ പറഞ്ഞു.

ഹോട്ടൽ ഹിൽട്ടൺ ഗാർഡൻ ഇന്നിൽ നടന്ന ചടങ്ങിൽ ചീഫ് സെക്രട്ടറി ടോം ജോസ് അദ്ധ്യക്ഷത വഹിച്ചു.

അവാർഡ് കമ്മിറ്റി ചെയർമാൻ സുരേഷ് മാത്യു അവാർഡ് ജേതാക്കളെ പരിചയപ്പെടുത്തി. ചേംബർ പ്രസിഡന്റ് എസ്.എൻ. രഘുചന്ദ്രൻ നായർ സ്വാഗതവും സെക്രട്ടറി അബ്രഹാം തോമസ് നന്ദിയും പറഞ്ഞു.

യു.എ.ഇ കോൺസൽ ജനറൽ ജമാൽ ഹുസൈൻ അൽ സാബി, മലങ്കര കാത്തലിക് സഭ കർദ്ദിനാൾ മാർബസേലിയോസ് ക്ലീമിസ്, നിസാൻ ഓട്ടോമൊബൈൽ ലിമിറ്റഡ് കോർപറേറ്റ് വൈസ് പ്രസിഡന്റ് ടോണി തോമസ്, അദാനി പോർട്ട്സ് ലിമിറ്റഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കരൺ അദാനിക്ക് വേണ്ടി രാജേഷ് ഝാ, ടോറസ് ഇൻവെസ്റ്റ്മെന്റ് ഹോൾഡിംഗ്സ് ഇന്ത്യൻ റീജിയണൽ എം.ഡി. അജയ് പ്രസാദിന് വേണ്ടി ഇൻവെസ്റ്റ്മെന്റ് ഓഫീസർ അനിൽ കുമാർ എന്നിവർ അവാർഡ് ഏറ്റുവാങ്ങി.

ദേവസ്വം കമ്മിഷണറുടെ കാലാവധി പൂർത്തിയായി; അഡി. സെക്രട്ടറിക്ക് താത്കാലിക ചുമതല നൽകും

തിരുവനന്തപുരം: രണ്ട് തവണ തിരുവിതാംകൂർ ദേവസ്വംബോർഡ് കമ്മിഷണർ പദവി വഹിച്ച എൻ.വാസു കാലാവധി അവസാനിച്ചതോടെ ഇന്നലെ ദേവസ്വം ആസ്ഥാനത്ത് നിന്ന് പടിയിറങ്ങി.

അദ്ദേഹത്തിന് കാലാവധി നീട്ടിനൽകാൻ പാടില്ലെന്ന് ഇന്നലെ ഹൈക്കോടതി വ്യക്തമാക്കി.

ദേവസ്വം വകുപ്പ് അഡിഷണൽ സെക്രട്ടറി ഹർഷൻനാവും കമ്മിഷണറുടെ പകരം ചുമതല നൽകുക. അദ്ദേഹം ഇന്ന് ചുമതലയേൽക്കും. പുതിയ കമ്മിഷണറെ നിയമിക്കാൻ ഉടൻ നടപടിയെടുക്കണമെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

വിജിലൻസ് ട്രൈബ്യൂണലായിരുന്ന എൻ. വാസു വി.എസ്.അച്യുതാനന്ദൻ സർക്കാരിൽ എക്സൈസ് മന്ത്രിയായിരുന്ന പി.കെ.ഗുരുദാസന്റെ പ്രൈവറ്റ് സെക്രട്ടറിയായി പ്രവർത്തിച്ചിരുന്നു. 2010 ലാണ് ആദ്യമായി ദേവസ്വം കമ്മിഷണറാവുന്നത്. പിന്നീട് യു.ഡി.എഫ് അധികാരത്തിലെത്തിയെങ്കിലും 2013 വരെ തത്സ്ഥാനത്ത് തുടർന്നു.

വീണ്ടും 2018 ഫെബ്രുവരി ഒന്നിന് ഹൈക്കോടതിയാണ് കമ്മിഷണറായി നിയമിച്ചത്. 2019 ജനവരി 31 അദ്ദേഹത്തിന്റെ കാലാവധി അവസാനിച്ചതാണെങ്കിലും ആറ് ആഴ്ച കൂടി നീട്ടിനൽകി. യോഗ്യതയും പരിചയസമ്പത്തുമുള്ള ആളെ കണ്ടെത്തുംവരെ വാസുവിനെ കമ്മിഷണർ പദവിയിൽ തുടരാൻ അനുവദിക്കണമെന്ന് സർക്കാർ കോടതിയിൽ അപേക്ഷിച്ചിരുന്നു. ഇത്ര ദിവസമായിട്ടും കമ്മിഷണർ പദവിയിലേക്ക് നിയമനം നടത്താനുള്ള പാനൽ സർക്കാർ തയ്യാറാക്കിയില്ല. ഇപ്പോൾ കോടതി സർക്കാരിനെ വിമർശിച്ചതും ഇക്കാര്യത്തിലാണ്.

> കമ്മിഷണറുടെ കാലാവധി നീട്ടിനൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുള്ളതിനാൽ പുതിയ കമ്മിഷണറെ നിയമിക്കാനുള്ള നടപടികളിലേക്ക് കടക്കാനാവില്ല. ദേവസ്വം വകുപ്പ് അഡിഷണൽ സെക്രട്ടറിക്ക് താത്കാലിക ചുമതല നൽകും.
>
> **-കടകംപള്ളി സുരേന്ദ്രൻ, ദേവസ്വം വകുപ്പ് മന്ത്രി**

> കമ്മിഷണറുടെ കാലാവധി സംബന്ധിച്ച കാര്യം കോടതി പരിഗണനയിലാണ്. ദേവസ്വംബോർഡിന് ഇക്കാര്യത്തിൽ ഒന്നും ചെയ്യാനില്ല.
>
> **-എ.പത്മകുമാർ, ദേവസ്വംബോർഡ് പ്രസിഡന്റ്**

> കാലാവധി സംബന്ധിച്ച കാര്യത്തിൽ അന്തിമതീരുമാനം എടുക്കേണ്ടത് കോടതിയാണ്. കമ്മിഷണർ പദവിയിൽ തുടരാൻ താത്പര്യമില്ല. ചുമതലകൾ കൃത്യമായി നിർവഹിച്ചിട്ടുണ്ട്. ദേവസ്വം ക്ഷേത്രങ്ങളുടെ ഭരണപരമായ കാര്യങ്ങളിൽ ചിട്ടവരുത്താനായി.
>
> **-എൻ. വാസു**

ബോർഡ്- കമ്മിഷണർ ശീതസമരം

നിലവിലെ ദേവസ്വംബോർഡ് പ്രസിഡന്റും കമ്മിഷണറും തമ്മിൽ തുടക്കം മുതലേ ചേർച്ചയിലായിരുന്നില്ല. ശബരിമല സ്ത്രീപ്രവേശനത്തിൽ സുപ്രീം കോടതി വിധി വന്നതിനെ തുടർന്നാണ് ഭിന്നത രൂക്ഷമായത്. വിധി നടപ്പാക്കുന്ന കാര്യത്തിൽ കമ്മീഷണറുടെ അഭിപ്രായം വേണ്ടത്ര മാനിക്കപ്പെട്ടില്ലെന്ന വികാരം അദ്ദേഹം പ്രകടിപ്പിച്ചിരുന്നതായും അറിയുന്നു.

എയർമാർഷൽ ബി.സുരേഷിന് പരമ വിശിഷ്ട സേവാമെഡൽ സമ്മാനിച്ചു

ദക്ഷിണ വ്യോമസേനാ മേധാവി എയർമാർഷൽ ബി. സുരേഷിന് രാഷ്ട്രപതി രാംനാഥ് കോവിന്ദ് പരമവിശിഷ്ട സേവാമെഡൽ സമ്മാനിക്കുന്നു

തിരുവനന്തപുരം: ദക്ഷിണ വ്യോമസേനാ മേധാവിയും തിരുവനന്തപുരം സ്വദേശിയുമായ എയർമാർഷൽ ബി.സുരേഷിന് രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി രാംനാഥ് കോവിന്ദ് പരമ വിശിഷ്ട സേവാമെഡൽ സമ്മാനിച്ചു. സ്തുത്യർഹ സേവനത്തിന് 2005ൽ രാഷ്ട്രപതിയുടെ അതിവിശിഷ്ട സേവാമെഡലും 2001 ൽ വായുസേനാ മെഡലും സുരേഷിന് ലഭിച്ചിട്ടുണ്ട്.

മഹാപ്രളയകാലത്ത് രക്ഷാദൗത്യത്തിന് എയർമാർഷൽ സുരേഷ് നേരിട്ട് നേതൃത്വം നൽകിയിരുന്നു. 1980 ഡിസംബറിൽ വ്യോമസേനയിൽ യുദ്ധവൈമാനികനായി കമ്മിഷൻ ചെയ്തു. എയർമാർഷൽ നമ്പർ-2 ഫൈറ്റർ സ്ക്വാഡ്രൺ കമാൻഡിംഗ് ഓഫീസറായും പ്രവർത്തിച്ചിട്ടുണ്ട്. എയർ സ്റ്റാഫ് ഇൻസ്പെക്ഷൻ ഡയറക്ടർ, ടാറ്റിക്സ് ആൻഡ് എയർ കോംബാറ്റ് ഡെവലപ്മെന്റിൽ ഡയറക്ടിംഗ് സ്റ്റാഫ്, വ്യോമസേനാ മേധാവിയുടെ എയർ അസിസ്റ്റന്റ്, എയർ ഡിഫൻസിൽ അസി. ചീഫ് ഒഫ് എയർ സ്റ്റാഫ് ഓപ്പറേഷൻസ്, പശ്ചിമ വ്യോമസേനാ ആസ്ഥാനത്ത് സീനിയർ എയർ സ്റ്റാഫ് ഓഫീസർ തസ്തികകളിലും പ്രവർത്തിച്ചു.

വ്യോമസേനാ ആസ്ഥാനത്ത് പേഴ്സണൽ വിഭാഗം മേധാവിയായിരിക്കെയാണ് 2018 ആഗസ്റ്റിൽ ദക്ഷിണ വ്യോമസേനാ മേധാവിയായത്.

വിളംബരം

പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ ഇൻ ഇ-ഗവേർണൻസ്

തിരുവനന്തപുരം: ഐ.ഐ.ഐ.ടി.എം.കെയും ഐ.എം.ജിയും സംയുക്തമായി നടത്തുന്ന പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ ഇൻ ഇഗവേർണൻസ് കോഴ്സിനു സർക്കാർ ജീവനക്കാരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. ഒരു വർഷമാണ് കോഴ്സ് കാലാവധി. ജീവനക്കാർ മേലധികാരികൾ മുഖേന വിശദമായ അപേക്ഷ ബയോഡാറ്റയോടൊപ്പം സംസ്ഥാന ഐ.ടി മിഷൻ ഓഫീസിൽ നേരിട്ടോ തപാൽ മുഖേനയോ ഏപ്രിൽ പത്തിനുമുൻപ് സമർപ്പിക്കണം. അപേക്ഷ അയയ്ക്കേണ്ട വിലാസം: കേരളം സ്റ്റേറ്റ് ഐ.ടി മിഷൻ. ഐ.സി.ടി കാമ്പസ്, വെള്ളയമ്പലം, തിരുവനന്തപുരം. ഫോൺ: 04712318007/2318004/2726881. വിശദവിവരത്തിനു http://www.itmission.kerala.gov.in.

ഐ.എച്ച്.ആർ.ഡി ടെക്നിക്കൽ ഹയർ സെക്കൻഡറി എട്ടാം ക്ലാസ് പ്രവേശനം

തിരുവനന്തപുരം

ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഹ്യൂമൺ റിസോഴ്സസ് ഡെവലപ്മെന്റിന്റെ കീഴിലെ ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ 2019 20 അദ്ധ്യയനവർഷത്തിലെ എട്ടാം ക്ലാസ് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ 01.06.2005നും 31.05.2007നും ഇടയ്ക്ക് ജനിച്ചവരായിരിക്കണം. ഏഴാം ക്ലാസോ തത്തുല്യ പരീക്ഷയോ പാസായവർക്കും പരീക്ഷാഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. അപേക്ഷാഫാറവും പ്രോസ്പെക്ടസും www.ihrd.ac.in ൽ നിന്ന് പ്രിന്റെടുക്കുകയോ അതത് സ്കൂളിൽ നിന്ന് നേരിട്ട് വാങ്ങുകയോ ചെയ്യാം. പൂരിപ്പിച്ച അപേക്ഷാഫാറം പ്രവേശനം നേടുന്ന സ്കൂളിലെ പ്രിൻസിപ്പലിന്റെ പേരിൽ 100 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് എടുത്തോ (എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് 50/ രൂപ) സ്കൂളിലെ ക്യാഷ് കൗണ്ടറിൽ രജിസ്ട്രേഷൻ ഫീസായി നേരിട്ട് അടച്ചോ രസീതു സഹിതം സമർപ്പിക്കണം. അപേക്ഷകൾ ബന്ധപ്പെട്ട സ്കൂളിൽ ലഭിക്കേണ്ട അവസാന തീയതി ഏപ്രിൽ 25. അപേക്ഷയുടെ കവറിന് പുറത്ത് എട്ടാം സ്റ്റാന്റേർഡ് പ്രവേശനത്തിനുള്ള അപേക്ഷ എന്ന് എഴുതിയിരിക്കണം. രജിസ്ട്രേഷൻ ഫീസിനായി മണിഓർഡർ, പോസ്റ്റൽഓർഡർ, ചെക്ക് മുതലായവ സ്വീകരിക്കില്ല. എറണാകുളത്ത് കലൂരിലും (04842347132), കപ്രാശേരിയിലും (ചെങ്ങമനാട്, 0484 2604116), മലപ്പുറത്ത് വാഴക്കാട് (04832725215), വട്ടംകുളം (0494 2681498), പെരിന്തൽമണ്ണയിലും (04933225086) കോട്ടയത്ത് പുതുപ്പള്ളിയിലും (0481 2351485) ഇടുക്കി പീരുമേട് (04869 233982), തൊടുപുഴ (മുട്ടം, 04862 255755) യിലും പത്തനംതിട്ടയിൽ മല്ലപ്പള്ളി (0469 2680574) യിലുമുള്ള സ്കൂളുകളിലേക്കാണ് പ്രവേശനം.

സർവകലാശാല വാർത്തകൾ

കേരള
www.keralauniversity.ac.in

■ പരീക്ഷാഫലം

ഏകവത്സര എൽഎൽ.എം (2017-2018) സി.എസ്.എസ്, പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

■ പരീക്ഷ തീയതി

ബി.എ പാർട്ട് III റഗുലർ/സപ്ലിമെന്ററി ബിരുദ പരീക്ഷകൾക്ക് (ആന്വൽ സ്കീം) പിഴ കൂടാതെ 19 വരെയും, 50 രൂപ പിഴയോടെ 22 വരെയും, 125 രൂപ സൂപ്പർഫൈനോടു കൂടി 26 വരെയും ഫീസടച്ച് അപേക്ഷിക്കാം. ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.

മൂന്നാം സെമസ്റ്റർ ബി.വോക് സോഫ്ട്‌വെയർ ഡെവലപ്മെന്റ് കോഴ്സിന്റെ പ്രാക്ടിക്കൽ പരീക്ഷകൾ 19 മുതൽ 22 വരെ നടത്തും.

മൂന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്. ബി.എസ്‌സി ഇലക്ട്രോണിക്സ് ഡിഗ്രി പരീക്ഷയുടെ പ്രായോഗിക പരീക്ഷ 18 മുതൽ 22 വരെ നടക്കും.

■ ബ്ലോഗ് റിലീസ്

കൊമേഴ്സ് വിഭാഗം നടത്തുന്ന ത്രിദിന അന്തർദേശീയ സെമിനാറിനോടനുബന്ധിച്ച് ഒരു പ്രത്യേക ബ്ലോഗ് റിലീസ് ചെയ്യുന്നു. വിശദ വിവരങ്ങൾക്ക് https://internationalseminaruok.wordpress.com സന്ദർശിക്കുക.

എം.ജി
www.mgu.ac.in

■ പരീക്ഷ തീയതി

ഒന്നാം വർഷ ബി.എസ്‌സി എം.എൽ.ടി സപ്ലിമെന്ററി (2008 അഡ്മിഷൻ മുതൽ) പരീക്ഷകൾ 29 ന് ആരംഭിക്കും. പിഴയില്ലാതെ 16 വരെയും 500 രൂപ പിഴയോടെ 18 വരെയും 1000 രൂപ സൂപ്പർഫൈനോടെ 19 വരെയും അപേക്ഷിക്കാം. വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതം സി.വി ക്യാമ്പ് ഫീസായി പരീക്ഷാഫീസിനു പുറമേ അടയ്ക്കണം.

■ പ്രാക്ടിക്കൽ

ഒന്നാം സെമസ്റ്റർ ബി.എ കഥകളി വേഷം സി.ബി.സി.എസ് (2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ റീഅപ്പിയറൻസ്), സി.ബി.സി.എസ്.എസ് (2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ 25 ന് തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജിൽ നടക്കും.

■ പരീക്ഷാഫലം

നാലാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ എൽ എൽ.ബി (ഓണേഴ്സ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 28 വരെ അപേക്ഷിക്കാം.

ഒൻപതാം സെമസ്റ്റർ ബി.ബി.എ എൽഎൽ.ബി (പഞ്ചവത്സരം) ഇന്റഗ്രേറ്റഡ് ഡിഗ്രി റഗുലർ/സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 28 വരെ അപേക്ഷിക്കാം.

മൂന്നാം സെമസ്റ്റർ ബി.ബി.എ എൽ എൽ.ബി. (പഞ്ചവത്സരം) ഇന്റഗ്രേറ്റഡ് ഡിഗ്രി റഗുലർ/സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 28 വരെ അപേക്ഷിക്കാം.

രണ്ടാം സെമസ്റ്റർ എം.എ മ്യൂസിക് (വോക്കൽ, വീണ), ഭരതനാട്യം, കഥകളി സംഗീതം പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 26 വരെ അപേക്ഷിക്കാം.